## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2932** — **15/02/2013 ൽ മറുപടിക്ക്**

## ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിവിധ സഹായ ഉപകരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിവിധ സഹായ ഉപകരണങ്ങൾ വാങ്ങി നൽകാൻ എസ്.എസ്.എ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയ്ക്കുള്ളതാണ് പദ്ധതി; | എ) | ഉണ്ട്. 2012-13 വർഷത്തിൽ 14 ജില്ലകളുടെ പ്ലാനിൽ 14 ജില്ലകൾക്കും കൂടി 3,28,19,000/- രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഈ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കുമോ; | ബി), സി) & ഡി) | 2012-13 സാമ്പത്തിക വർഷം ALIMCO എന്ന കേന്ദ്രഗവൺമെന്റ് കമ്പനിയിൽ നിന്ന് ഉപകരണം വാങ്ങി വിതരണം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നെങ്കിലും വിതരണത്തിലെ കാലതാമസം കണക്കിലെടുത്ത് കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചു. |
| സി) | ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഇതിനകം ഏതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | | |
| ഡി) | ഇതിന് ഓപ്പൺ ടെണ്ടർ വിളിച്ചിരുന്നുവോ; എങ്കിൽ എത്ര ടെണ്ടറുകൾ ലഭിച്ചു; ഏതു സ്ഥാപനവുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്? | | |

സെക്ഷൻ ഓഫീസർ